# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 532** **28.09.2016-ൽ മറുപടിയ്ക്ക്**

## ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ

**ചോദ്യം**

ശ്രീ.കെ. കൃഷ്ണൻകുട്ടി
ശ്രീ. സി.കെ.നാണു
ശ്രീ.കോവൂർ കുഞ്ഞുമോൻ
ശ്രീ.തോമസ് ചാണ്ടി

**മറുപടി**

ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ; | എ) | ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു |
| ബി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഒരേക്കർ ഭൂമി വീതം നൽകുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം, ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 43 പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതിനായി തുക പാലക്കാട്, മലപ്പുറം, ഇടുക്കി, വയനാട് ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. |
| സി) | നടപ്പ് സാമ്പത്തിക വർഷം ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകാൻ ഉദ്ദേശിക്കുന്നുണ്ടെന്ന ജില്ലതിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; | സി) | നടപ്പ് സാമ്പത്തിക വർഷം ഭൂമി ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന അർഹരായ എല്ലാ പട്ടികവർഗ്ഗക്കാർക്കും ഭൂമി ലഭ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നു. |

| | | | |
|---|---|---|---|
| ഡി) | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്കും, നാമമാത്രമായ ഭൂമിയുള്ള പട്ടിക വർഗ്ഗക്കാർക്കും ഒരേക്കർ ഭൂമി വീതമെങ്കിലും നൽകണമെന്ന കോടതി വിധി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കോടതി വിധി സമയ ബന്ധിതമായി നടപ്പിലാക്കു ന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ജില്ല | ഭൂരഹിതരായ പട്ടികവർഗ്ഗക്കാർ |
|---|---|---|
| 1 | തിരുവനന്തപുരം | 21 |
| 2 | കൊല്ലം | 290 |
| 3 | പത്തനംതിട്ട | 209 |
| 4 | ആലപ്പുഴ | 47 |
| 5 | കോട്ടയം | 160 |
| 6 | ഇടുക്കി | 317 |
| 7 | എറണാകുളം | 223 |
| 8 | തൃശ്ശൂർ | 41 |
| 9 | പാലക്കാട് | 1173 |
| 10 | മലപ്പുറം | 608 |
| 11 | കോഴിക്കോട് | 186 |
| 12 | വയനാട് | 5522 |
| 13 | കണ്ണൂർ | 264 |
| 14 | കാസറഗോഡ് | 395 |
| ആകെ | | **9456** |

സെക്ഷൻ ഓഫീസർ